**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണങ്ങളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദീൻ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ജില്ലകളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എന്നാൽ സംസ്ഥാനതലത്തിൽ ഒഴിവാക്കപ്പെട്ടതുമായ കോവിഡ് മരണങ്ങളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ഇപ്രകാരമുള്ള എത്ര മരണങ്ങൾ നടന്നിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും കൃത്യമായ മെഡിക്കൽ ബുള്ളറ്റിൻ ജില്ലയിൽ നിന്ന് അയച്ച തന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ് കാരണമോ, അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിക്കുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുക മാത്രമാണ് ചെയ്യുന്നത്. “Brought dead” ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധനാഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽ നിന്നും അയച്ചിട്ടുള്ളത്, ആയവ പരിഹരിച്ച് തരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽ നിന്നും അയച്ചുതന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2021 ജൂൺ 16 വരെ 11655 കോവിഡ് മരണങ്ങളും 433 നോൺ കോവിഡ് (കോവിഡ് ടെസ്റ്റ് പോസിറ്റീവ്, എന്നാൽ മരണം സംഭവിച്ചത് മറ്റു കാരണങ്ങളാൽ, ഉദാ:- അപകട മരണം, മുങ്ങി മരണം, തൂങ്ങി മരണം എന്നിവ) മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ്; കോവിഡ്, നോൺ കോവിഡ് എന്നിങ്ങനെ റിപ്പോർട്ട് ചെയ്യുന്നത്. 2020-21 ജൂൺ 16-ാം തീയതി മുതൽ അതാത് ജില്ലയുടെ കോവിഡ് മരണക്കണക്ക് ജില്ലകൾ നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനായി സജ്ജമാക്കിയ ഗവൺമെന്റ് പോർട്ടലിൽ ഉൾപ്പെടുത്തി റിപ്പോർട്ട് ചെയ്യുകയും |

| | | | |
|---|---|---|---|
| | | | സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുകയും ചെയ്യുന്നു. |
| (ബി) | ജില്ലകളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള കോവിഡ് മരണങ്ങൾ സംസ്ഥാന തലത്തിൽ ഒഴിവാക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; | (ബി) | ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും കൃത്യമായ മെഡിക്കൽ ബുള്ളറ്റിൻ ജില്ലയിൽ നിന്ന് അയച്ച തന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ് കാരണമോ, അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിക്കുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുക മാത്രമാണ് ചെയ്യുന്നത്. "Brought dead" ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധനാഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽ നിന്നും അയച്ചിട്ടുള്ളത്, ആയവ പരിഹരിച്ച് തരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽ നിന്നും അയച്ചുതന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2021 ജൂൺ 16 വരെ 11655 കോവിഡ് മരണങ്ങളും 433 നോൺ കോവിഡ് (കോവിഡ് ടെസ്റ്റ് പോസിറ്റീവ്, എന്നാൽ മരണം സംഭവിച്ചത് മറ്റു കാരണങ്ങളാൽ, ഉദാ:- അപകട മരണം, മുങ്ങി മരണം, തൂങ്ങി മരണം എന്നിവ) മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ്; കോവിഡ്, നോൺ കോവിഡ് എന്നിങ്ങനെ റിപ്പോർട്ട് ചെയ്യുന്നത്. 2020-21 ജൂൺ 16-ാം തീയതി മുതൽ അതാത് ജില്ലയുടെ കോവിഡ് മരണക്കണക്ക് ജില്ലകൾ നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനായി സജ്ജമാക്കിയ ഗവൺമെന്റ് പോർട്ടലിൽ ഉൾപ്പെടുത്തി റിപ്പോർട്ട് ചെയ്യുകയും സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുകയും ചെയ്യുന്നു. |
| (സി) | ഇപ്രകാരം ഒഴിവാക്കപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സുപ്രീംകോടതി വിധിപ്രകാരം ലഭിക്കേണ്ട നഷ്ടപരിഹാരം കിട്ടാൻ സാധ്യത ഇല്ല എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | കോവിഡ് മൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും യാതൊരുവിധ നിർദ്ദേശങ്ങളും നിലവിൽ ലഭ്യമായിട്ടില്ല. മാത്രമല്ല ഇതുവരെ ഡിക്ലയർ ചെയ്യപ്പെട്ടിട്ടുള്ള കോവിഡ് മരണങ്ങളുടെ സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ